പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 118

04.12.2014 ൽ മറുപടിക്ക്

**കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ**

**ചോദ്യം**

ശ്രീ ജി.എസ്. ജയലാൽ:
,, ഇ. ചന്ദ്രശേഖരൻ:
,, പി. തിലോത്തമൻ:
,, കെ. അജിത്:

(എ) വർഷം തോറും കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു വർഷം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കാതിരുന്നാൽ വരും വർഷം കേന്ദ്ര വിഹിതത്തിൽ കുറവു വരാൻ സാദ്ധ്യതയുണ്ടോ;

(സി) കഴിഞ്ഞ നാലു വർഷമായി പൊതുവിതരണ ശൃംഖലയിലൂടെ വിറ്റഴിക്കാൻ അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവും ഏറ്റെടുക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) കേന്ദ്രം അനുവദിക്കുന്ന നോർമൽ വിഹിതം പൂർണ്ണമായും ഏറ്റെടുക്കാറുണ്ട്. എന്നാൽ ഉയർന്ന വിലയ്ക്ക് കേന്ദ്രം അനുവദിക്കുന്ന വിഹിതം പൂർണ്ണമായും ഏറ്റെടുക്കാറില്ല. ഉയർന്ന വിലയ്ക്ക് ലഭ്യമാകുന്ന റേഷൻ സാധനങ്ങളും ബി.പി.എൽ, എ.പി.എൽ. വിലയ്ക്ക് ലഭ്യമാകുന്ന റേഷൻ സാധനങ്ങളും ഒരേ ഗുണനിലവാരമായതിനാൽ ഉപഭോക്താക്കളും വ്യാപാരികളും പൂർണ്ണമായും ഉപയോഗിക്കാറില്ല.

(ബി) ഒരു വർഷം മാത്രം വളരെകുറച്ച് റേഷൻ സാധനങ്ങൾ വിട്ടെടുക്കാതിരുന്നാൽ കേന്ദ്രവിഹിതത്തിൽ കുറവ് സംഭവിക്കുകയില്ല.

(സി) കഴിഞ്ഞ നാലു വർഷമായി പൊതുവിതരണ ശൃംഖലയ്ക്ക് അനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെ നോർമൽ വിഹിതത്തിന്റെ (അന്നപൂർണ്ണ ഉൾപ്പെടെ) അളവും വിട്ടെടുത്ത ഭക്ഷ്യധാന്യങ്ങളുടെ അളവും ചുവടെ ചേർക്കുന്നു.

| Year | Allotment (In MTs) | Lifting (In MTs) |
|---|---|---|
| 2010-11 | 14,44,424 | 14,44,424.0 |
| 2011-12 | 15,88,467 | 15,88,327.1 |
| 2012-13 | 17,81,492 | 17,81,492.0 |
| 2013-14 | 15,09,540 | 15,09,540.0 |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്ര വിഹിതത്തിലൂണ്ടാകുന്ന കുറവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ രൂക്ഷമായ വില ക്കയറ്റത്തിന് കാരണമാകുന്നു ണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ? | (ഡി) | കേന്ദ്ര സർക്കാർ നല്കുന്ന വിഹിതത്തിൽ വൻതോതിൽ കുറവ് വരുത്തുകയാ ണെങ്കിൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിലക്കയറ്റം ഉണ്ടാകുവാൻ സാധ്യതയുണ്ട്. കേന്ദ്രവിഹിതം കുറയാ തിരിക്കാൻ സംസ്ഥാനം ആവശ്യപ്പെട്ടി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ